സൂറ-10

# യൂനുസ്

فَإِن كُنتَ فِى شَكٍّ مِّمَّآ أَنزَلْنَآ إِلَيْكَ فَسْـَٔلِ ٱلَّذِينَ يَقْرَءُونَ ٱلْكِتَـٰبَ
مِن قَبْلِكَ ۚ لَقَدْ جَآءَكَ ٱلْحَقُّ مِن رَّبِّكَ فَلَا تَكُونَنَّ مِنَ ٱلْمُمْتَرِينَ ﴿٩٤﴾

94 നാം നിനക്ക് അവതരിപ്പിച്ചു തന്നിട്ടുള്ളതിൽ വല്ല സന്ദേഹവുമുണ്ടെങ്കിൽ, നിനക്കു മുമ്പേ വേദപാരായണം ചെയ്തുകൊണ്ടിരിക്കുന്നവരോട് ചോദിച്ചു നോക്കുക. നിനക്ക് വന്നുകിട്ടിയത് നിന്റെ നാഥങ്കൽനിന്നുള്ള സത്യംതന്നെയാകുന്നു; അക്കാര്യത്തിൽ ഒട്ടും സന്ദേഹം വേണ്ട.

وَلَا تَكُونَنَّ مِنَ ٱلَّذِينَ كَذَّبُوا۟ بِـَٔايَـٰتِ ٱللَّهِ فَتَكُونَ مِنَ ٱلْخَـٰسِرِينَ ﴿٩٥﴾

95 ദൈവിക ദൃഷ്ടാന്തങ്ങളെ തള്ളിപ്പറയുന്നവരുടെ ഗണത്തിൽ ഒരിക്കലും അകപ്പെട്ടു പോകരുത്. അതിൽ പെട്ടുപോയാൽ നീ മഹാനഷ്ടം ഭവിച്ചവരുടെ കൂട്ടത്തിലായിരിക്കും.

إِنَّ ٱلَّذِينَ حَقَّتْ عَلَيْهِمْ كَلِمَتُ رَبِّكَ لَا يُؤْمِنُونَ ﴿٩٦﴾

96 നിന്റെ നാഥന്റെ ശിക്ഷാവിധിക്കർഹരായവർ പിന്നെ സത്യം സ്വീകരിക്കുകയില്ല.

وَلَوْ جَآءَتْهُمْ كُلُّ ءَايَةٍ حَتَّىٰ يَرَوُا۟ ٱلْعَذَابَ ٱلْأَلِيمَ ﴿٩٧﴾

97 ദൃഷ്ടാന്തമായ ദൃഷ്ടാന്തമൊക്കെയും ലഭിച്ചാലും; വേദനയേറിയ ദൈവികശിക്ഷ നേരിൽകാണും വരെ.

فَلَوْلَا كَانَتْ قَرْيَةٌ ءَامَنَتْ فَنَفَعَهَآ إِيمَـٰنُهَآ إِلَّا قَوْمَ يُونُسَ لَمَّآ ءَامَنُوا۟ كَشَفْنَا
عَنْهُمْ عَذَابَ ٱلْخِزْىِ فِى ٱلْحَيَوٰةِ ٱلدُّنْيَا وَمَتَّعْنَـٰهُمْ إِلَىٰ حِينٍ ﴿٩٨﴾

98 ശിക്ഷാർഹരായ ഒരു ജനപദവും എന്തുകൊണ്ട് സത്യവിശ്വാസം കൈക്കൊള്ളുകയും ആ വിശ്വാസം അവർക്ക് പ്രയോജനപ്പെടുകയും ചെയ്തില്ല; യൂനുസിന്റെ ജനമല്ലാതെ?! അവർ സത്യവിശ്വാസം കൈക്കൊണ്ടപ്പോൾ നാം ഭൗതിക ജീവിതത്തിലെ ഹീനമായ ശിക്ഷ അവരിൽനിന്ന് നീക്കിക്കളഞ്ഞു; ഒരു കാലയളവു വരെ ജീവിതവിഭവങ്ങളരുളുകയും ചെയ്തു.

فَإِن كُنتَ= നീ ആണെങ്കിൽ(നിനക്കുണ്ടെങ്കിൽ)
فِى شَكٍّ= സംശയത്തിൽ(വല്ല സന്ദേഹവും)
مِّمَّآ أَنزَلْنَآ= നാം അവതരിപ്പിച്ച(തന്നിട്ടുള്ള)തിൽ إِلَيْكَ= നിന്നിലേക്ക്
فَسْـَٔلِ= നീ ചോദിക്കുക
ٱلَّذِينَ يَقْرَءُونَ ٱلْكِتَـٰبَ= വേദപാരായണം ചെയ്തുകൊണ്ടിരിക്കുന്നവരോട്
مِن قَبْلِكَ= നിനക്കുമുമ്പ്
لَقَدْ جَآءَكَ= തീർച്ചയായും നിനക്കുവന്ന(ന്നുകിട്ടിയത്)
ٱلْحَقُّ= സത്യം(തന്നെയാകുന്നു) مِن رَّبِّكَ= നിന്റെ നാഥങ്കൽനിന്നുള്ള
فَلَا تَكُونَنَّ= തീർച്ചയായും നീ ആവരുത് (നിനക്ക് ഒട്ടും വേണ്ട)
مِنَ ٱلْمُمْتَرِينَ= സന്ദേഹികളിൽ പെട്ടവൻ(അക്കാര്യത്തിൽ സംശയം)
وَلَا تَكُونَنَّ= നീ ഒരിക്കലും അകപ്പെട്ടുപോകരുത്
مِنَ ٱلَّذِينَ كَذَّبُوا۟= തള്ളിപ്പറയുന്നവരുടെ ഗണത്തിൽ പെട്ടവൻ
بِـَٔايَـٰتِ ٱللَّهِ= അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ
فَتَكُونَ= (അതിൽ പെട്ടുപോയാൽ) നീ ആയിരിക്കും
مِنَ ٱلْخَـٰسِرِينَ= മഹാനഷ്ടം സംഭവിച്ചവരുടെ കൂട്ടത്തിൽപ്പെട്ടവൻ
إِنَّ ٱلَّذِينَ حَقَّتْ عَلَيْهِمْ= ആരുടെമേൽ സത്യമായോ അവർ(അർഹരായവർ)
كَلِمَتُ رَبِّكَ= നിന്റെ നാഥന്റെ വചനം(ശിക്ഷാ വിധിക്ക്)
لَا يُؤْمِنُونَ= അവർ വിശ്വസിക്കുകയില്ല وَلَوْ جَآءَتْهُمْ= അവർക്കു വന്നാ(ലഭിച്ചാ)ലും
كُلُّ ءَايَةٍ= എല്ലാ ഓരോ ദൃഷ്ടാന്തവും(ദൃഷ്ടാന്തമായതൊക്കെയും)
حَتَّىٰ يَرَوُا۟= അവർ നേരിൽ കാണുംവരെ
ٱلْعَذَابَ ٱلْأَلِيمَ= വേദനയേറിയ(ദൈവിക)ശിക്ഷ

| |
|---|
| എന്തുകൊണ്ട് ഒരു ജനപദവുമില്ല =فَلَوْلَا كَانَتْ قَرْيَةٌ |
| അത് വിശ്വസിച്ചു(സത്യവിശ്വാസം കൈക്കൊള്ളുകയും) =ءَامَنَتْ |
| എന്നിട്ട് അത് പ്രയോജനപ്പെട്ടു(ടുകയും ചെയ്ത) =فَنَفَعَهَآ |
| യൂനുസിന്റെ ജനമല്ലാതെ =إِلَّا قَوْمَ يُونُسَ (അവർക്ക് ആ) വിശ്വാസം =إِيمَـٰنُهَآ |
| അവർ വിശ്വാസം കൈക്കൊണ്ടപ്പോൾ =لَمَّآ ءَامَنُوا۟ |
| അവരിൽനിന്ന് =عَنْهُمْ നാം നീക്കിക്കളഞ്ഞു =كَشَفْنَا |
| ഭൗതിക ജീവിതത്തിൽ =فِى ٱلْحَيَوٰةِ ٱلدُّنْيَا ഹീനമായ ശിക്ഷ =عَذَابَ ٱلْخِزْىِ |
| നാം അവരെ സുഖിപ്പിച്ചു, ജീവിത വിഭവങ്ങൾ അരുളി =وَمَتَّعْنَـٰهُمْ |
| ഒരു കാലയളവുവരെ =إِلَىٰ حِينٍ |

**94,95:** മുൻ സൂക്തങ്ങളിൽ നൂഹ്, മൂസാ എന്നീ പ്രവാചകന്മാരെയും അവരുടെ സമുദായങ്ങളെയും പരാമർശിച്ച ശേഷം അന്ത്യപ്രവാചകനെയും അദ്ദേഹത്തിന്റെ സമുദായത്തെയും കുറിച്ചു പറയുകയാണ് ഈ സൂക്തം. ഇവിടെ സംബോധന ചെയ്യുന്നത് പ്രവാചകനെയാണെങ്കിലും, ഉദ്ദേശ്യം ഖുർആൻ വായിക്കുന്ന ഓരോ മനുഷ്യനുമാണ്. ഇതുപോലെ പ്രബോധിതരെ ഉദ്ദേശിച്ച് പ്രവാചകനെ സംബോധന ചെയ്യുന്ന ശൈലി ഖുർആൻ പലയിടത്തും സ്വീകരിച്ചതായി കാണാം. ഉദാ:

لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ ٱلْخَـٰسِرِينَ

(നീ ബഹുദൈവത്വം സ്വീകരിക്കുകയാണെങ്കിൽ, കർമങ്ങളൊക്കെയും നശിച്ചുപോവുകയും നീ ഇഹവും പരവും നഷ്ടപ്പെട്ടവരുടെ ഗണത്തിൽ പെട്ടുപോവുകയും ചെയ്യും – 39:65)

يَـٰٓأَيُّهَا ٱلنَّبِىُّ ٱتَّقِ ٱللَّهَ وَلَا تُطِعِ ٱلْكَـٰفِرِينَ وَٱلْمُنَـٰفِقِينَ

(അല്ലയോ പ്രവാചകാ, അല്ലാഹുവിനോടു ഭക്തിയുള്ളവനായിരിക്കുക! സത്യനിഷേധികൾക്കും കപടന്മാർക്കും വഴങ്ങിപ്പോകരുത് – 33:1). സംശയമുന്നയിച്ച് അത് ദൂരീകരിച്ചുകൊണ്ട് വാദം ദൃഢീകരിക്കുന്ന രീതിയിലാണ് ഈ സൂക്തം ഇങ്ങനെ പറയുന്നത്. ആദ്യം സംശയം ഉന്നയിക്കുന്നു. എന്നിട്ട് നിജസ്ഥിതിയറിയാൻ പൂർവവേദങ്ങൾ പരിശോധിക്കാൻ പറയുന്നു. അവ പരിശോധിച്ചാൽ, പൂർവ പ്രവാചകന്മാർക്ക് അല്ലാഹു വെളിപാട് നൽകിയിരുന്നത് മുഹമ്മദ് നബിക്ക് നൽകിക്കൊണ്ടിരിക്കുന്നതുപോലെ തന്നെയാണെന്നും, പൂർവവേദങ്ങളുടെ സാരംതന്നെയാണ് മുഹമ്മദീയ വെളിപാടുകളിലും ഉള്ളതെന്നും അതിനാൽ അത് അല്ലാഹുവിങ്കൽനിന്ന് ലഭിക്കുന്ന സത്യവെളിപാടുതന്നെയാണെന്നും ബോധ്യപ്പെടും. പൂർവവേദങ്ങളുടെ സാക്ഷ്യം ഗ്രഹിച്ചശേഷം ഈ പ്രവാചകനെയോ അദ്ദേഹത്തിന്റെ സന്ദേശത്തെയോ സംശയിക്കാൻ യാതൊരു പഴുതുമില്ല. നിഷേധത്തെയോ സ്വീകരണത്തെയോ ബലപ്പെടുത്തുന്ന തെളിവിന്റെ അഭാവത്തിലാണ് സംശയമുണ്ടാവുക. ഏതെങ്കിലും ഒരു ഭാഗത്തെ ദൃഢീകരിക്കുന്ന തെളിവു കിട്ടിക്കഴിഞ്ഞാൽ പിന്നെ സംശയമില്ല; കാര്യം വ്യക്തമായി. ഇനി ഒന്നുകിൽ ബോധ്യപ്പെട്ട സത്യം കൈക്കൊള്ളാം, അല്ലെങ്കിൽ കൈവെടിയാം. പ്രവാചകൻ പ്രബോ

ധനം ചെയ്യുന്ന ഖുർആൻ പൂർവവേദങ്ങൾ പ്രവചിക്കുന്ന അന്തിമവേദം തന്നെ എന്ന് തെളിവായിട്ടും സംശയത്തിൽതന്നെ നിലകൊള്ളുകയെന്നാൽ ദൈവിക ദൃഷ്ടാന്തങ്ങളെ മനഃപൂർവം തള്ളിക്കളയലാണ്. അങ്ങനെ ചെയ്യുന്നവരുടെ ഇഹലോക ജീവിതവും പരലോക ജീവിതവും മഹാനഷ്ടത്തിലായിരിക്കുമെന്നതിൽ യാതൊരു സംശയവും വേണ്ട.

പ്രവാചകത്വത്തിലും ഖുർആനിലും നബിക്ക് സംശയമൊന്നുമില്ലെങ്കിലും ഇവിടത്തെ പ്രഥമ സംബോധിതൻ പ്രവാചകൻ തന്നെയാണെന്നും, അല്ലാഹു പൂർവവേദങ്ങൾ ചൂണ്ടിക്കാണിച്ച് അദ്ദേഹത്തിന്റെ മനോദാർഢ്യം വർധിപ്പിക്കുകയാണെന്നും ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. പ്രവാചകൻ നിരക്ഷരനായതുകൊണ്ടാണ് പൂർവവേദങ്ങൾ വായിക്കാൻ പറയാതെ, വായിക്കുന്നവരോട് ചോദിക്കാൻ പറഞ്ഞത്. 'വേദം വായിക്കുന്നവർ' എന്നതുകൊണ്ടുദ്ദേശ്യം, ഇസ്‌ലാം സ്വീകരിച്ച യഹൂദ-ക്രൈസ്തവ പണ്ഡിതന്മാരാണെന്നും ചിലർ പറയുന്നുണ്ട്. പക്ഷേ സൂറ *യൂനുസ്* അവതരിച്ചത് മക്കയിലാണ്. അവിടെ അക്കാലത്ത് ഇസ്‌ലാം സ്വീകരിച്ച യഹൂദരോ ക്രൈസ്തവരോ ഉണ്ടായിരുന്നില്ല.

പ്രവാചകന് തന്റെ അവസ്ഥയെയും വെളിപാടിനെയും കുറിച്ച് യാതൊരു സംശയവും ഉണ്ടായിരുന്നില്ല എന്ന കാര്യത്തിൽ എല്ലാവരും യോജിക്കുന്നു. ഇബ്നു അബ്ബാസ് പ്രസ്താവിച്ചതായി ഉദ്ധരിക്കപ്പെടുന്നു:

لا والله ما شكّ طرفة عين ولا سأل أحدا منهم وقال لا أشكّ ولا أسأل بل أشهد أنّه الحق

(ഇല്ല, അല്ലാഹുവാണ! തിരുമേനി ഒരു പണമിട സംശയിച്ചിട്ടില്ല. വേദക്കാരിലാരോടും ചോദിച്ചിട്ടുമില്ല. അദ്ദേഹം പറഞ്ഞു: ഞാൻ സംശയിക്കുന്നില്ല, ചോദിക്കുന്നുമില്ല. പ്രത്യുത ഇതു സത്യം തന്നെയാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു). فَإِن كُنتَ فِى شَكٍّ എന്ന വാക്യത്തിന്റെ അർഥം, فَمَا كنتَ فى شَكّ (നിനക്കു സംശയമില്ല) എന്നാണെന്ന് ഹസൻ(റ) പ്രസ്താവിച്ചതായി ഇബ്നുൽ അംബാരി നിവേദനം ചെയ്തിട്ടുണ്ട്.

ഈ സൂക്തങ്ങളിൽനിന്ന് പണ്ഡിതന്മാർ മൂന്ന് തത്ത്വങ്ങൾ നിർധാരണം ചെയ്തിരിക്കുന്നു: 1) വിശ്വാസങ്ങൾ ഉറപ്പിക്കാൻ അതിൽ സംശയങ്ങൾ സങ്കൽപിച്ച് അന്വേഷിക്കാം. 2) ദീനീ വിഷയങ്ങളിൽ സംശയം ഉളവാകുന്നത് കുറ്റകരമല്ല. ഒരിക്കൽ ഒരാൾ ഇബ്നു അബ്ബാസിനോടു പറഞ്ഞു: "എനിക്ക് പറയാൻ പറ്റാത്ത ചിലത് എന്റെ മനസ്സിൽ അനുഭവപ്പെടുന്നു." ഇബ്നു അബ്ബാസ് ചോദിച്ചു: "സന്ദേഹങ്ങളോ?" അയാൾ: "അതെ." ഇബ്നു അബ്ബാസ്: ആർക്കും അതിൽനിന്ന് രക്ഷയില്ല. നബി(സ)ക്ക് പോലും فَإِن كُنتَ فِى شَكٍّ مِّمَّآ أَنزَلْنَآ إِلَيْكَ എന്ന് അവതരിച്ചിരിക്കുന്നു. അത്തരത്തിൽ വല്ലതും തോന്നിയാൽ നീ ഉരുവിട്ടുകൊള്ളുക:

هُوَ ٱلْأَوَّلُ وَٱلْـَٔاخِرُ وَٱلظَّـٰهِرُ وَٱلْبَاطِنُ وَهُوَ بِكُلِّ شَىْءٍ عَلِيمٌ (അവനാകുന്നു ആദിയും അന്തവും അകവും പുറവും. അവൻ സകല കാര്യങ്ങളിലും അഗാധജ്ഞനുമാകുന്നു). 3) ദീനിൽ സംശയമുണ്ടായാൽ ഉടനെ വിദ്വാന്മാരെ സമീപിച്ച് അതിന് നിവാരണം കാണണം.

**96,97:** സത്യം, അവകാശം, ബാധ്യത, അർഹത എന്നീ അർഥങ്ങളിലുള്ള حقّ ൽനിന്നുള്ള ഭൂതകാല ഏകവചന സ്ത്രീലിംഗ ക്രിയയാണ് حَقَّتْ. നിന്റെ നാഥന്റെ വചനം -كَلِمَتُ رَبِّكَ- കൊണ്ടുദ്ദേശ്യം ശിക്ഷാവിധിയാണ്; പ്രകൃതിനിയമവുമാവാം. അതായത്, حَقَّتْ عَلَيْهِمْ كَلِمَتُ رَبِّكَ എന്നതിന്റെ താൽപര്യം, അല്ലാഹുവിന്റെ ശിക്ഷാവിധി സ്ഥിരപ്പെട്ടു കഴിഞ്ഞവർ എന്നുമാവാം, പ്രകൃതി നിയമമനുസരിച്ച് നാശത്തിനർഹരായവർ എന്നുമാവാം. സാരാംശത്തിൽ രണ്ടും തമ്മിൽ വലിയ അന്തരമില്ല. പ്രവാ

ചകന്മാരെ ധിക്കാരപൂർവം തള്ളിക്കളഞ്ഞുകൊണ്ട് അസത്യത്തിലും അധർമത്തിലും അഭിരമിക്കുന്ന സമൂഹങ്ങൾ കാലക്രമത്തിൽ നശിപ്പിക്കപ്പെടുക എന്നത് പ്രകൃതിയുടെ നിയമമാണ്. ഒരു സമൂഹത്തിന്റെ അക്രമവും ധിക്കാരവും പരമകാഷ്ഠയിലെത്തുമ്പോൾ അല്ലാഹു അവരുടെ മേൽ വിനാശകരമായ ശിക്ഷ വിധിക്കുന്നു. ആ വിധം ശിക്ഷാർഹരായിക്കഴിഞ്ഞ ജനത പിന്നെ സത്യവിശ്വാസം കൈക്കൊള്ളുക, അഥവാ സത്യവും ധർമവും അംഗീകരിക്കുക എന്നതുണ്ടാവില്ല. അല്ലാഹുവിന്റെ ശിക്ഷ അനുഭവപ്പെട്ടു തുടങ്ങുമ്പോഴായിരിക്കും പിന്നീടവർ സത്യത്തിലേക്ക് കണ്ണ് തുറക്കുക. അപ്പോൾ കണ്ണു തുറന്നതുകൊണ്ട് കാര്യവുമില്ല. ശിക്ഷാ വിധി യാഥാർഥ്യമായി പുലർന്നു തുടങ്ങുന്നതു വരെ എല്ലാവർക്കും അല്ലാഹുവിലേക്ക് തിരിച്ചുവരാൻ അവസരമുണ്ടായിരിക്കും. സമ്പൂർണ നാശം വിധിക്കുന്നതിനു മുമ്പായി അല്ലാഹു അവർക്ക് മുന്നറിയിപ്പും താക്കീതും നൽകി പ്രബോധകന്മാരെ അയക്കുന്നു. നേരത്തെ ഈ സൂറയിലെ 47-ാം സൂക്തത്തിൽ ഇങ്ങനെ ഉണർത്തിയിട്ടുണ്ട്:

فَإِذَا جَآءَ رَسُولُهُمْ قُضِىَ بَيْنَهُم بِٱلْقِسْطِ وَهُمْ لَا يُظْلَمُونَ

(ഓരോ സമുദായത്തിനും അവരുടെ ദൈവദൂതൻ വന്നു കഴിഞ്ഞാൽ അവരുടെ ഭാഗധേയം നീതിപൂർവം വിധിക്കപ്പെട്ടു). പ്രവാചകന്മാരെ പിന്തുടർന്ന് സത്യധർമങ്ങൾ ആചരിച്ചാൽ രക്ഷപ്പെട്ടു. ധിക്കാരത്തിൽതന്നെ തുടർന്നാൽ ശിക്ഷിക്കപ്പെടുകയാണ് നീതിയുടെ താൽപര്യം. അധിക ജനതകളും മുന്നറിയിപ്പുകാരെ അംഗീകരിക്കാൻ തയാറാവില്ല. നൂഹ് നബിക്കുശേഷമുള്ള സമുദായങ്ങളെക്കുറിച്ച് നേരത്തെ 74-ാം സൂക്തത്തിൽ ഇങ്ങനെ പ്രസ്താവിച്ചിട്ടുണ്ട്:

ثُمَّ بَعَثْنَا مِنۢ بَعْدِهِۦ رُسُلًا إِلَىٰ قَوْمِهِمْ فَجَآءُوهُم بِٱلْبَيِّنَٰتِ فَمَا
كَانُوا۟ لِيُؤْمِنُوا۟ بِمَا كَذَّبُوا۟ بِهِۦ مِن قَبْلُ

(അദ്ദേഹത്തിനു ശേഷം നാം നിരവധി ദൈവദൂതന്മാരെ അവരുടെ സമുദായങ്ങളിലേക്കയച്ചു. ആ ദൂതന്മാർ തെളിഞ്ഞ ദൃഷ്ടാന്തങ്ങളുമായി അവരിൽ ചെല്ലുകയും ചെയ്തു. പക്ഷേ തങ്ങൾ നേരത്തെ തള്ളിക്കളഞ്ഞതിനെ പിന്നീട് കൈക്കൊള്ളുക അവരുടെ സ്വഭാവമായിരുന്നില്ല). ഇക്കാര്യം തന്നെയാണ് ഈ സൂക്തങ്ങളും പറയുന്നത്. ٱلَّذِينَ حَقَّتْ عَلَيْهِمْ كَلِمَتُ رَبِّكَ എന്ന വാക്യത്തിന്, 'നിന്റെ നാഥന്റെ ശിക്ഷാവിധി യാഥാർഥ്യമായി പുലർന്നവർ' എന്നും അർഥം കൽപിക്കപ്പെട്ടിട്ടുണ്ട്. അതായത് അല്ലാഹുവിന്റെ ശിക്ഷ വന്നു കഴിഞ്ഞാൽ എന്ന്. എന്നാൽ തുടർന്നുള്ള حَتَّىٰ يَرَوُا۟ ٱلْعَذَابَ ٱلْأَلِيمَ (വേദനയേറിയ ശിക്ഷ അവർ കാണുന്നതുവരെ) എന്ന വാക്യം ഈ അർഥകൽപനയെ ദുർബലമാക്കുന്നു. ശിക്ഷാവിധി -حقّ- ആവൽ തന്നെയാണ് ശിക്ഷയെ നേരിൽ കാണലെങ്കിൽ, ശിക്ഷ നേരിൽ കണ്ടാൽ കാണുന്നതുവരെ വിശ്വസിക്കുകയില്ല എന്നു പറയുന്നതിന്റെ ധ്വനി ശിക്ഷ കണ്ടാൽ വിശ്വസിക്കും എന്നാണ്. തൊട്ടുമുമ്പ് ഫറവോന്റെ ഉദാഹരണം ചൂണ്ടിക്കാട്ടിയിട്ടുമുണ്ട്. വിധി പുലർന്നു തുടങ്ങിയാൽ അല്ലെങ്കിൽ വിധി യാഥാർഥ്യമായാൽ വിശ്വസിക്കുകയില്ല എന്ന് അർഥം കൽപിക്കുമ്പോൾ പൂർവാപര വൈരുധ്യമുണ്ടാകുന്നു. അതിനാൽ ٱلَّذِينَ حَقَّتْ عَلَيْهِمْ كَلِمَتُ رَبِّكَ എന്ന വാക്യത്തെ, പ്രകൃതി നിയമമനുസരിച്ച് ശിക്ഷാർഹരായിക്കഴിഞ്ഞവർ എന്ന അർഥത്തിൽ മനസ്സിലാക്കുന്നതാണ് കൂടുതൽ ശരിയായി തോന്നുന്നത്. ആ നിയമമനുസരിച്ച് അല്ലാഹുവിന്റെ വിധി പുലരുന്ന സന്ദർഭമാണ് ശിക്ഷയെ നേരിൽ കാണുന്ന സമയം. ശിക്ഷാർഹരായി കഴിഞ്ഞാലും ആളുകൾക്ക് പശ്ചാത്തപിച്ചു മടങ്ങി രക്ഷപ്പെടാം. അധിക ജനവും അതു

ചെയ്യാറില്ലെങ്കിലും ശിക്ഷാവിധി പുലർന്നു തുടങ്ങിയാൽ പിന്നെ വീണ്ടെടുപ്പിനവസരമില്ല. അപ്പോൾ എല്ലാ ധിക്കാരികളും അതിനു തയാറാകുമെങ്കിലും അതിനുമുമ്പ് തങ്ങളുടെ വിചാരങ്ങളും ആചാരങ്ങളും തെറ്റാണെന്നും പ്രവാചകന്മാർ പ്രചരിപ്പിക്കുന്ന വിശ്വാസങ്ങളും ആചാരങ്ങളുമാണ് സത്യവും ധർമവുമെന്നും വിളിച്ചോതുന്ന ദൃഷ്ടാന്തങ്ങൾ എത്രയേറെ കണ്ടാലും അവരിൽ ഒരു മാറ്റവും ഉണ്ടാകുന്നില്ല.

**98:** മുകളിൽ പറഞ്ഞ സ്വഭാവത്തിന് ഒരപവാദം ചൂണ്ടിക്കാണിക്കുകയാണീ സൂക്തം. لَوْلَا യുടെ ഭാഷാർഥം, 'ഇല്ലെങ്കിൽ' എന്നാണ്. ഉദാ: لولا زيد عندك لأتيتك (നിന്റെയടുത്ത് സൈദ് ഇല്ലെങ്കിൽ ഞാൻ വരും) സൈദിന്റെ സാന്നിധ്യം എന്റെ വരവ് തടയുന്ന കാരണമാണെന്നു സാരം. لولاക്കുശേഷം നാമവാക്യം -جملة إسميّة- വരുമ്പോഴാണ് ഈ അർഥം. لولاക്കുശേഷം ക്രിയാവാക്യം جملةفعليّة- വരുമ്പോൾ അതിന് പ്രേരണയുടെ അർഥം ലഭിക്കുന്നു. ഉദാ: فَلَوْلَا نَفَرَ مِن كُلِّ فِرْقَةٍ مِّنْهُمْ طَآئِفَةٌ (ഓരോ വിഭാഗത്തിൽനിന്നും ഒരുപറ്റം ആളുകൾ പുറപ്പെടാതിരുന്നതെന്ത്? - 9:122). لولا هناك قرية آمنت قبل ان ينزل بها العذاب لا نجيناها كما انجينا قوم يونس എന്ന വാക്യത്തിന്റെ സംക്ഷിപ്തരൂപമാണ് فَلَوْلَا كَانَتْ قَرْيَةٌ ءَامَنَتْ എന്നാണ് ഒരു വിഭാഗം പണ്ഡിതന്മാർ പറയുന്നത്. അതനുസരിച്ച് അർഥമിതാണ്: ശിക്ഷ വന്നുഭവിക്കുന്നതിനുമുമ്പ് വല്ല ജനപദവും വിശ്വാസികളായിട്ടുണ്ടെങ്കിൽ തീർച്ചയായും യൂനുസിന്റെ ജനതയെ രക്ഷിച്ചപോലെ നാം അവരെ രക്ഷിക്കും. അല്ലെങ്കിൽ ശിക്ഷ വന്നുഭവിക്കും മുമ്പ് ഒരു ജനപദവും സത്യവിശ്വാസം കൈക്കൊള്ളാത്തതെന്ത്?! എന്നാൽ യൂനുസിന്റെ ജനം അതിന്നപവാദമാകുന്നു.

فَلَوْلَا كَانَتْന്റെ അർഥം فما كانت (ഇല്ല) എന്നാണെന്ന് അബുമാലിക്കും, لم تكن (ഉണ്ടായിട്ടില്ല) എന്നാണെന്ന് മുജാഹിദും പ്രസ്താവിച്ചിട്ടുള്ളതായി ഇബ്നു അബീഹാതിം ഉദ്ധരിച്ചിരിക്കുന്നു. لولاക്കുശേഷം ക്രിയാവാക്യം വന്നതുകൊണ്ടും സാന്ദർഭികമായ ഔചിത്യം കൂടുതലുള്ളതുകൊണ്ടും പ്രേരണയുടെയും ശാസനയുടെയും ധ്വനിയുള്ള ആദ്യത്തെ അർഥമാണ് കൂടുതൽ ശരിയായി തോന്നുന്നത്.

അതായത്, ഇത്തരത്തിൽ ശിക്ഷാർഹരായ ഒരു ജനപദവും എന്തുകൊണ്ട് സമയം പാഴാകുന്നതിനുമുമ്പ് വിശ്വാസം കൈക്കൊള്ളുകയും ആ വിശ്വാസത്തിന്റെ പ്രയോജനം നേടുകയും ചെയ്യുന്നില്ല? യൂനുസ് നബിയുടെ ജനം മാത്രമാണ് അങ്ങനെ ചെയ്തത്. അവർ ഒടുവിൽ പ്രവാചകനിൽ വിശ്വസിച്ച് അല്ലാഹുവിലേക്കു മടങ്ങി. അപ്പോൾ ഭൗതിക ജീവിതത്തിലെ ഹീനമായ ശിക്ഷയിൽനിന്ന് അല്ലാഹു അവരെ മോചിപ്പിച്ചു. ഒരു കാലയളവു വരെ അവർക്കു ക്ഷേമവും സമാധാനവുമുള്ള ജീവിതം പ്രദാനം ചെയ്യുകയും ചെയ്തു. മുഹമ്മദ് നബി(സ)യെ നിഷേധിച്ചുകൊണ്ടിരിക്കുന്ന ഖുറൈശികൾക്ക് എന്തുകൊണ്ട് യൂനുസ് നബിയുടെ ജനതയുടെ മാർഗം സ്വീകരിച്ചുകൂടാ എന്ന് അവരെ ശക്തിയായി ശാസിക്കുകയാണ് ഇവിടെ.

യൂനുസ് നബിയെക്കുറിച്ച് ലഭ്യമായ കുറെ വിവരങ്ങൾ ഈ സൂറയുടെ മുഖവുരയിൽ ചേർത്തിട്ടുണ്ട്. ഖുർആൻ സൂറ *അന്നിസാഅ്* 163, *അൽഅൻആം* 86, *യൂനുസ്* 98, *അസ്സ്വാഫാത്ത്* 139, *അൽഅമ്പിയാഅ്* 87, *അൽഖലം* 48 സൂക്തങ്ങളിൽ ഈ പ്രവാചകനെ പരാമർശിക്കുന്നുണ്ട്. എങ്കിലും അദ്ദേഹത്തിന്റെ പൂർണമായ ചരിത്രം അജ്ഞാതമാണ്. ബി.സി ഏഴാം നൂറ്റാണ്ടിൽ ഇറാഖിലെ നീനവ പട്ടണത്തിൽ ഇസ്‌ലാം പ്രബോധനം ചെയ്യാൻ നിയുക്തനായ മത്തായി പുത്രൻ യോനാ പ്രവാചകനാണിദ്ദേഹമെന്ന കാര്യത്തിൽ പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു. ടൈഗ്രീസ് നദിയുടെ തീരത്ത് ഇന്നത്തെ മൂസിൽ പട്ടണത്തിനടുത്തായിരുന്നു നീനവ. വളരെക്കാലം പ്രബോധനം ചെയ്തിട്ടും അവർ അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും അൽപവും

മാറാൻ തയാറായില്ല. യൂനുസ് നബിയെയും അദ്ദേഹത്തിന്റെ സത്യസന്ദേശങ്ങളെയും അവഗണിച്ചുതള്ളി. അധർമങ്ങളും ദുരാചാരങ്ങളും എല്ലാ അതിരുകളും ഭേദിച്ചപ്പോൾ യൂനുസ്(അ) അവർക്ക് ദൈവിക ശിക്ഷയുടെ മുന്നറിയിപ്പു നൽകി. ഈ മുന്നറിയിപ്പും ഒട്ടും കൂസാതെ ജനം അവരുടെ അന്ധവിശ്വാസങ്ങളിലും ദുർവൃത്തികളിലും മുന്നേറുന്നതു കണ്ട യൂനുസ്(അ) കോപിഷ്ഠനായി ആ നാടുവിട്ടു. ഈ കോപവും അല്ലാഹുവിന്റെ അനുമതിയില്ലാതുള്ള ദേശത്യാഗവും പ്രവാചകന്മാർക്ക് ചേർന്നതായിരുന്നില്ല. അതിന്റെ പേരിൽ അല്ലാഹു അദ്ദേഹത്തിനെതിരെ അച്ചടക്ക നടപടിയെടുക്കുകയുണ്ടായി. സൂറ *അസ്സ്വാഫാത്തിൽ* അതെപ്പറ്റി പറയുന്നുണ്ട്.

യൂനുസിന്റെ(അ) പലായനം ആളുകളെ ഭയപ്പെടുത്തി. മഹാവിപത്ത് ആസന്നമാകുന്നു എന്ന അദ്ദേഹത്തിന്റെ താക്കീത് സത്യം തന്നെയായിരിക്കണം, വ്യാജമാണെങ്കിൽ അദ്ദേഹം നാടുവിടേണ്ട കാര്യമില്ലല്ലോ എന്നവർ ചിന്തിച്ചു. യൂനുസ്(അ) പറഞ്ഞ അവധി (അത് നാൽപത് നാളായിരുന്നുവെന്ന് പറയപ്പെടുന്നു) അടുക്കുംതോറും അവരുടെ ഭയം കനത്തുവന്നു. ദിനംപ്രതി മാനത്ത് കരിമുകിലുകൾ തിങ്ങിക്കൂടുന്നതായും തങ്ങളുടെ പട്ടണത്തെ ഒരുതരം പുക മൂടുന്നതായും അവർക്കു തോന്നി. നഗരവാസികൾ യൂനുസിനെ(അ) തേടി നടന്നെങ്കിലും കണ്ടെത്താനായില്ല. അപ്പോൾ അദ്ദേഹം പറഞ്ഞത് സത്യം തന്നെയാണെന്ന് അവർക്കുറപ്പായി. വിഹ്വലരായ അവർ മുതിർന്നവരും കുട്ടികളും സ്ത്രീകളുമെല്ലാം തുറന്ന മൈതാനത്തേക്കോടി. അവരുടെ വളർത്തു മൃഗങ്ങൾപോലും ഈ ഓട്ടത്തിൽനിന്ന് ഒഴിവായിരുന്നില്ലെന്ന് പറയപ്പെടുന്നു. അങ്ങനെ കുട്ടിയും തള്ളയും ഭാര്യയും ഭർത്താവുമൊക്കെ വേർപിരിഞ്ഞു പലയിടത്തായി. വെളിപ്രദേശത്തെത്തിയവരെല്ലാം അത്യുച്ചത്തിൽ തങ്ങൾ സത്യവിശ്വാസം കൈക്കൊണ്ടതായി ഏറ്റു പറയുകയും തങ്ങളോടു കാരുണ്യം കാട്ടണമെന്ന് അല്ലാഹുവിനോട് അതീവ താഴ്മയോടെ കേണപേക്ഷിക്കുകയും ചെയ്തുകൊണ്ടിരുന്നു. അവരുടെ പശ്ചാത്താപം ആത്മാർഥമായിരുന്നതിനാൽ അല്ലാഹു സ്വീകരിച്ചു. അവരെ ശിക്ഷയിൽനിന്ന് ഒഴിവാക്കി.

യൂനുസിന്റെ(അ) ജനതക്ക് ഒരു കാലയളവുവരെ ക്ഷേമജീവിതം പ്രദാനം ചെയ്തു എന്നു പറയുന്നതിൽ, ആ കാലയളവിനു ശേഷം അവർ ശിക്ഷിക്കപ്പെട്ടു എന്ന ധ്വനിയുണ്ട്. കാലാന്തരത്തിൽ നീനവാ നിവാസികൾ വീണ്ടും അന്ധവിശ്വാസങ്ങളിലേക്കും അധർമങ്ങളിലേക്കും വഴുതിപ്പോവുകയും ശിക്ഷാർഹരായിത്തീരുകയുമായിരുന്നു. ബി.സി എട്ടാം നൂറ്റാണ്ടിൽ നാഹൂം പ്രവാചകനും ബി.സി ഏഴാം നൂറ്റാണ്ടിൽ സെഫ്നിയാഹ് നബിയും അവരിൽ സത്യപ്രബോധനം നടത്തിയെങ്കിലും നിഷ്ഫലമാവുകയായിരുന്നു. ബി.സി ഏഴാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ അല്ലാഹു അവർക്കുനേരെ മീഡിയക്കാരെ നിയോഗിച്ചു. മീഡിയക്കാർ ബാബിലോണിയക്കാരുടെ സഹായത്തോടെ നീനവയെ തകർത്തുകളഞ്ഞു. അതോടെ അസീറിയൻ ഭരണകൂടവും സംസ്കാരവും നാമാവശേഷമായിത്തീർന്നു. ■